## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.592** **03.03.2020-ൽ മറുപടിക്ക്**

## ഇ-വാഹന ചാർജിംഗ് സ്റ്റേഷനുകൾ

| | ചോദ്യം<br>ശ്രീ. സി. കെ. ശശീന്ദ്രൻ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| | ഇ-വാഹനങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | | കേരളത്തിലെ പ്രധാന പട്ടണങ്ങളിലും പ്രാന്ത പ്രദേശങ്ങളിലും അവയെ ബന്ധിപ്പിക്കുന്ന റോഡുകളുടെ ഇരുവശവുമായും ചാർജിങ്/ സ്വാപ്പിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ കേരള സർക്കാർ ഉദ്ദേശിക്കുന്നു. പ്രധാന പട്ടണങ്ങളിൽ ആവശ്യത്തിന് ചാർജിങ്/സ്വാപ്പിംഗ് സ്റ്റേഷനുകൾ ആദ്യഘട്ടത്തിൽ സ്ഥാപിക്കാമെന്നും ഇലക്ട്രിക് വാഹനങ്ങളുടെ സ്വീകാര്യത വർദ്ധിക്കുന്നതോടെ ഇത്തരം സ്റ്റേഷനുകൾ സംസ്ഥാനത്തുടനീളം സ്ഥാപിക്കണമെന്നും ലക്ഷ്യമിട്ടിട്ടുണ്ട്.<br>ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ കേരളത്തിൽ എല്ലായിടത്തും സ്ഥാപിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ സ്വീകരിച്ചു വരുന്നു. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഹെവി ഇൻഡസ്ട്രീസ് വകുപ്പിന്റെ (DHI) കീഴിൽ FAME II പദ്ധതിയിൽപ്പെടുത്തി കേരളത്തിൽ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 'വൺ മില്യൺ പ്ലസ്" ജനസംഖ്യയുള്ള 7 നഗരങ്ങളിൽ (തിരുവനന്തപുരം, മലപ്പുറം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ) ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കെ. എസ്. ഇ. ബി യും അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ നഗരങ്ങളിലായി 131 ചാർജ്ജിംഗ് സ്റ്റേഷൻ തുടങ്ങാനുള്ള അംഗീകാരം ഡി.എച്ച്.ഐ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഈ നഗരങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള താത്പര്യപത്രം (EoI) വിളിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി അനുയോജ്യരായ ഇംപ്ലിമെന്റിംഗ് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രാഥമിക നടപടികൾ നടന്നു വരുന്നു. കൂടാതെ കെ. എസ്. ഇ. ബി യുടെ അധീനതയിലുള്ള കേരളത്തിലെ 6 കോർപ്പറേഷനിലെ സ്ഥലങ്ങളിൽ ഡി.സി ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. കേരള ഗവണ്മെന്റിന്റെ ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി ഗവണ്മെന്റ് സെക്രട്ടറിയേറ്റ് കോമ്പൗണ്ടിൽ ഒരു പൈലറ്റ് ചാർജ്ജിംഗ് സ്റ്റേഷൻ ഇതിനകം സ്ഥാപിച്ചു കഴിഞ്ഞു.<br>കൂടാതെ തുടക്കം എന്ന നിലയിൽ തിരുവനന്തപുരത്തും മറ്റു ജില്ലകളിലും ആറ് ചാർജ്ജിംഗ് പോയിന്റ് ഉൾപ്പെടുന്ന 32 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 8.2 കോടി രൂപയുടെ ഭരണാനുമതി 15.10.2019 ൽ നൽകിയിട്ടുണ്ട്. അതിനുള്ള ടെൻഡർ നടപടിക്രമങ്ങൾ കെ.എസ്.ഇ.ബി.എൽ ആരംഭിച്ചു കഴിഞ്ഞു |

സെക്ഷൻ ഓഫീസർ